# ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത



ഭാരത ക്രൈസ്തവ സമൂഹങ്ങളിൽ വിശുദ്ധിയുടെ തേജസ്സുയർത്തിയ വട്ടശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ മലങ്കരസഭാചരിത്രത്തെ പ്രദീപ്തമാക്കിയ സൂര്യനായിരുന്നു. മല്ലപ്പള്ളിയിൽ താമസമുറപ്പിച്ച പൗവ്വത്തിക്കുന്നേൽ തറവാടിന്റെ ശാഖയായ വട്ടശേരിൽ കുടുംബത്തിലെ ഔസേഫിന്റെയും കുറിച്ചി കോലത്തുകളത്തിൽ ഏലിയാമ്മയുടെയും ഒൻപതുമക്കളിൽ ഇളയപുത്രനായി 1853 ഒക്ടോബർ 31–നാണ് മാർ ദിവന്നാസിയോസിന്റെ ജനനം. നാലു സഹോദരൻമാരും നാലു ആശാൻ പള്ളിക്കൂടത്തിൽ പഠിച്ചശേഷം കോടുകളഞ്ഞിയിലെ ചാക്കോ ആശാന്റെ കീഴിൽ ഓലയിലെ പഠനവും പൂർത്തിയാക്കിയശേഷം വർഗീസ് മല്ലപ്പള്ളി മുട്ടത്തുമണ്ണിൽ ആരംഭിച്ച സി.എം.എസ്. മിഡിൽ സ്കൂളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നടത്തി. തുടർന്നു കോട്ടയം സി.എം.എസ് ഹൈസ്കൂളിൽ ചേർന്നു. ഹൈസ്കൂൾ വിദ്യാഭ്യാസ പൂർത്തിയാക്കുന്നതിനു മുൻപ് വൈദികവൃത്തിയിൽ പ്രവേശിച്ചു. 1876 ഒക്ടോബർ 12നു പുതുപ്പള്ളി പള്ളിയിൽ പത്രോസ് പാത്രിയർക്കീൽ നിന്നു ശെമ്മാശപട്ടം സ്വീകരിച്ചു. തുടർന്നു പരുമല തിരുമേനിയുടെ കീഴിൽ വൈദികവിദ്യാഭ്യാസവും സുറിയാനി പഠനവും നടത്തി.

1880 ജനുവരി 18നു പരുമല തിരുമേനിയിൽനിന്നു കശീശാസ്ഥാനം സ്വീകരിച്ചു. 1881ൽ മലങ്കരമൽപാനായി കോട്ടയം പഴയസെമിനാരി, പരുമല സെമിനാരി എന്നിവിടങ്ങളിൽ വൈദികവിദ്യാർത്ഥികളെ പരിശീലിപ്പിച്ചു. ഏറെനാൾ കോട്ടയം എം.ഡി.സ്കൂളിന്റെ പ്രിൻസിപ്പലായും പ്രവർത്തിച്ചിട്ടുണ്ട്. 1908 മെയ് 31ന് ജറുസലേമിൽവച്ചാണ് അദ്ദേഹം മെത്രാപ്പോലീത്തയായി വാഴിക്കപ്പെടുന്നത്. തുടർന്ന് മലങ്കര മെത്രാപ്പോലീത്ത പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസിന്റെ അസിസ്റ്റന്റായി പ്രവർത്തിച്ചു. പുലിക്കോട്ടിൽ ദിവന്നാസിയോസ് കാലം ചെയ്തതിനേത്തുടർന്ന് 1909ൽ അദ്ദേഹം മലങ്കര മെത്രാപ്പോലീത്തയായി.

ഭക്തിയും ബുദ്ധിയും അസാധാരണമാംവിധം സംഗമിച്ച വ്യക്തിത്വമായിരുന്ന വട്ടശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തയുടേത്. കപടഭക്തി ആ അജപാലകൻ വെറുത്തു. കഠിനമായ നോമ്പും ഉപവാസവും അനുഷ്ഠിക്കുന്നതിൽക്കൂടെയും കാനോനികമായ പ്രാർഥനകൾ നമസ്കാരങ്ങൾ എന്നിവ നടത്തുന്നതിലൂടെയും ക്രമമായ തിരുവചനധ്യാനത്തിൽക്കൂടിയും ആർജിച്ച അദ്ദേഹത്തിന്റെ ആത്മീയത അനുപമമായിരുന്നു. അതിനുള്ള പ്രചോദനവും പരിശീലനവും തന്റെ ഗുരുനാഥനായ പരുമല തിരുമേനിയിൽനിന്ന് അദ്ദേഹത്തിനു ലഭിച്ചു.

അനിതരസാധാരണമായ ബുദ്ധികൂർമത, കാപട്യമില്ലാത്തവ്രതനിഷ്ഠ, വിനയം, വിശ്വാസദാർഢ്യമുള്ള വേദജ്ഞാനം എന്നിവയെല്ലാം വട്ടശേരിൽ ഗീവർഗീസ് മാർ

ദിവന്നാസിയോസ് മെത്രാപ്പോലീത്തയിൽ സമ്മേളിച്ചിരുന്നു. ‘മലങ്കര സഭാഭാസുരനായി സഭ ആദരിക്കുന്ന ആ പുണ്യദീപം 1934 ഫെബ്രുവരി 23–നാണ്  അണഞ്ഞത്. മലങ്കര സഭാഭാസുരന്റെ സ്മരണയ്ക്കു മുന്നിൽ അദ്ദേഹത്തിന്റെ വിശുദ്ധിയുടെ പരിമളം ആദരിച്ചാഘോഷിക്കുമ്പോൾ വട്ടശേരിൽ മാർ ദീവന്നാസിയോസ് എന്ന ഗംഭീരാശയന്റെ നാമം അനുദിനം ഭാസുരമായിത്തീരുകയാണന്നു വ്യക്തമാകുന്നു.

Source: Manoramaonline.com




www.pallibhagamyouth.com